Mathrubhumi
മാതൃഭൂമി

# അന്താരാഷ്ട്ര സാമൂഹികസേവന ദിനമാചരിച്ചു




▶ കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്ക് (കാപ്സ്) പാലക്കാട് ചാപ്റ്ററിന്റെ അന്താരാഷ്ട്ര സാമൂഹികസേവന ദിനാചരണം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ സി. പ്രേംനാഥ് ഉദ്ഘാടനംചെയ്യുന്നു

**ആലത്തൂർ** ▸ കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്ക് (കാപ്സ്) പാലക്കാട് ചാപ്റ്റർ അന്താരാഷ്ട്ര സാമൂഹികസേവന ദിനമാചരിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ സി. പ്രേംനാഥ് ഉദ്ഘാടനം ചെയ്തു. സാമൂഹിക സേവനത്തിൽ മികച്ച വിദ്യാർഥിക്കുള്ള പുരസ്കാരം നേടിയ ശില്പരാജ്, സ്പെഷ്യൽ ജൂറി പരാമർശം നേടിയ മുഹമ്മദ് നജാഹി എന്നിവരെ അനുമോദിച്ചു.

ചാപ്റ്റർ പ്രസിഡന്റ് എസ്. സുരേഷ് കുമാർ അധ്യക്ഷനായി. അരുൺ മുല്ലക്കൽ, അബ്ദുറം റഹ്മാൻ, പി.യു. അനുപമ, അനിത പർവീൺ, മേഴ്സി കോളേജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി ബെറ്റി തോമസ്, ജി. ജിജിൻ, എസ്. സതീഷ്കുമാർ, എ. സുമേഷ്, മുഹമ്മദ് റാഫി എന്നിവർ സംസാരിച്ചു.